(ഡി) അവശേഷിക്കുന്ന ജില്ലകളെക്കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് ചുമട്ടുതൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 10 ജില്ലകളിൽ കയറ്റിറക്ക് കൂലി ഏകീകരിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് നിശ്ചയിക്കപ്പെട്ട കൂലി ബാങ്ക്മുഖേന ഒടുക്കി ചുമട്ടു തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി&സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്കുകൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി നോക്കി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നോക്കുകൂലി, അമിതകൂലി എന്നിവ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ടെലിഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ വെബ്സൈറ്റിൽ /ഇ-മെയിൽ ആയി പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. പരാതി ലഭിച്ച കേസ്സുകളിൽ അമിത കൂലി/നോക്കുകൂലി വാങ്ങിയ ചുമട്ടുതൊഴിലാളികളെ നിയമാനുസൃതം അന്വേഷണംനടത്തി ജോലിയിൽനിന്നും സസ്പെന്റ് ചെയ്യുകയും ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് തുക തിരികെ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന് സ്വന്തമായ ഒരു കാൾസെന്റർ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) മലപ്പുറം, പാലക്കാട് ജില്ലകളിൽ കൂലി ഏകീകരിക്കുന്നത് സംബന്ധിച്ച് ചർച്ചകളിൽ ധാരണയായിട്ടുണ്ട്. മറ്റു ജില്ലകളിൽ ചർച്ചകൾ നടന്നുവരുന്നു.

അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

242 (907) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്ത് വരുന്നു ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ ആധികാരിക രേഖകൾ പരിശോധിച്ച് തൊഴിൽ വകുപ്പ് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(സി) ഇവരിൽ ക്രിമിനലുകൾ, പകർച്ച രോഗബാധിതർ തുടങ്ങിയവർ ഉള്ളതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരെ കണ്ടെത്താൻ മറ്റ വകുപ്പുകളുടെ സഹായം തൊഴിൽ വകുപ്പ് സ്വീകരിച്ചുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഡൽഹിയിൽ കുറ്റകൃത്യങ്ങൾ പെരുകിയതിനുകാരണം കുടിയേറ്റ തൊഴിലാളികളാണെന്ന് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) 25 ലക്ഷത്തിലേറെയുള്ള അന്യസംസ്ഥാന തൊഴിലാളികളിൽ കൊടും കുറ്റവാളികളും മോഷണ വിദഗ്ധരും ഉള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നിലവിൽ പദ്ധതിയിൽ 49706 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിവരശേഖരണം നടത്തിയിട്ടില്ല.

(സി) ആരോഗ്യവകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബന്ധിതമാക്കാൻ സാധിച്ചിട്ടില്ല.

ചുമട്ടുകൂലി

243 (908) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവവഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly